**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4554** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമി കൈയേറ്റം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ജി സ്റ്റീഫൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ വനഭൂമി കൈയേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വനാതിർത്തികൾ സർവ്വേ ചെയ്ത് ജണ്ട കെട്ടി വേർതിരിക്കുകയെന്നതാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ള മുൻകരുതൽ. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാനായി. 2016-17 ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18 ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19 ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20 ൽ 11,779 ജണ്ടകൾ (ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020- 21 സാമ്പത്തിക വർഷത്തിൽ 16,993 ജണ്ടകൾ (ഉദ്ദേശം 700 കി.മീ വനാതിർത്തി) നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിൽ ശക്തമായി പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുള്ളതാണ്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ഹെക്ടർ വനഭൂമി കൈയേറ്റം ഒഴിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻസർക്കാരിന്റെ കാലത്ത് 98.193 ഹെക്ടർ വനഭൂമിയും ഈ സർക്കാരിന്റെ കാലത്ത് 5.572 ഹെക്ടർ വനഭൂമിയും കൈയ്യേറിയത് തിരികെ ഒഴിപ്പിച്ചിട്ടുള്ളതാണ്. |
| (സി) | വനം ഭൂമി കൈയ്യേറ്റം തടയുന്നതിനായി കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വനാതിർത്തി നിർണ്ണയിക്കുവാൻ ശേഷിക്കുന്ന സ്ഥലങ്ങളിൽ സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് ജണ്ടകൾ നിർമ്മിക്കുന്ന ജോലികൾ ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തിയുടെ പുരോഗതി എല്ലാ |

| | | | |
|---|---|---|---|
| | | | മാസവും ഡിവിഷൻ, സർക്കിൾ, ഹെഡ് ക്വാട്ടേഴ്സ് തലത്തിൽ അവലോകനം ചെയ്ത് വിലയിരുത്തി പുരോഗതി വിവരം വനം വകുപ്പിന്റെ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിലെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ